DESPATCHED
On..25/02/2020

28/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in


## ഹർജി നമ്പർ C.P. No.276(6)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.3228/എസ്.ഐ.സി-ജി 5/2018)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. തോമസ് കെ.ജോർജ്ജ്
കണ്ടത്തിൽ വീട്,
അല്ലപ്ര പി.ഒ.,
പെരുമ്പാവൂർ – 683 556 } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജിയോളജിസ്റ്റ്
മൈനിംഗ് & ജിയോളജി ഡിപ്പാർട്ടുമെന്റ, ജില്ലാ ഓഫീസ്,
സിവിൽ സ്റ്റേഷൻ, കാക്കനാട്,കൊച്ചി-30 } എതിർകക്ഷി.

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 27.01.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.02.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.03.2018 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 31.03.2018 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 25.01.2020<br>സ്പാർക്ക്ഹാൾ,കളക്ടറേറ്റ്,എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. തോമസ്കെ.ജോർജ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ രണ്ട് മാസങ്ങൾ കഴിഞ്ഞിട്ടും മറുപടിയൊന്നും ലഭിക്കാത്തതിനാൽ രണ്ടു തവണ എതിർകക്ഷി ഓഫീസിൽ ഫോണിൽ ബന്ധപ്പെട്ടിരുന്നുവെന്നും തിരിച്ച് വിളിക്കാമെന്ന ഒഴുക്കൻ മറുപടിയാണ് നൽകിയതെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർകക്ഷിക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i) 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം സെക്ഷൻ 63 പ്രകാരമുള്ള ക്വാറി സേഫ്റ്റി ഫണ്ട് എന്തു ഉദ്ദേശിച്ചാണ് നടപ്പാക്കിയിട്ടുള്ളതെന്നും അതുപ്രകാരം റോയൽറ്റി ഇനത്തിൽ പിരിച്ച ആകെ തുക എത്രയെന്നും അതിൽ എത്ര തുക എന്താവശ്യത്തിനുവേണ്ടി ചെലവഴിച്ചുവെന്നും റോയൽറ്റി അടയ്ക്കാത്തവരായി എതിർകക്ഷി ഓഫീസിന് കീഴിലുള്ളവരുടെ വിശദ വിവരങ്ങൾ നൽകണമെന്നും

ii) മേൽപ്പടി ഓഫീസിന് കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന പാറമടകൾ ഏതെല്ലാമെന്നും, അതിന്റെ നടത്തിപ്പുകാർ, ഓരോന്നിന്റെയും വിസ്തീർണ്ണം, അവയിൽ നിന്നും എത്രയളവിൽ കല്ല് പൊട്ടിക്കാനാണ് അനുവാദം നൽകിയിരിക്കുന്നതെന്നും ഓരോ ക്വാറിയും അടയ്ക്കുന്ന റോയൽറ്റിയും മറ്റു ഫീസിനങ്ങളും സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷ 16.02.2018 തീയതി എതിർകക്ഷി കൈപ്പറ്റിയിട്ടുള്ളതാണെന്നും ആയതിന്മേൽ 15.03.2018 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നുവെന്നും ആയത് ഹർജിക്കാരന് അയച്ചുകൊടുത്തതു സംബന്ധിച്ച ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും മേൽപ്പടി മറുപടിക്കെതിരെ ആക്ഷേപമുന്നയിച്ച് ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയത്, 30.04.2018 തീയതി എതിർകക്ഷി ഓഫീസിലേയ്ക്ക്

അയച്ചു നൽകിയിരുന്നുവെന്നും തുടർന്ന് അപ്പീൽ അധികാരി 30.05.2018 തീയതി അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും പാറ ഖനനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും എന്നാൽ ജില്ലയിലെ മണ്ണ് ഖനനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് ശേഖരിക്കാനാണ് അറിയിച്ചിട്ടുള്ളതെന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽപ്പടി വിവരങ്ങൾ ഹർജിക്കാരന് വീണ്ടും അയച്ചു നൽകിയിട്ടുണ്ട് എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയിരുന്നുവെന്നും ഹർജിക്കാരന്റെ അപേക്ഷ 16.02.2018 തീയതി മാത്രമാണ് എതിർകക്ഷി ഓഫീസിൽ ലഭിച്ചതെന്നും ആയത് ലഭിച്ചതിനെ തുടർന്ന് നിശ്ചിത സമയ പരിധിക്കുള്ളിൽ ഹർജിക്കാരന് വിവരങ്ങൾ നൽകിയിട്ടുള്ളതായും കാണുന്നു. കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് മേൽപ്പടി വിവരങ്ങൾ വീണ്ടും ഹർജിക്കാരന് അയച്ചു നൽകിയിട്ടുള്ളതാണെന്നും കാണുന്നു. ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി മറുപടിയൊന്നും നൽകിയിരുന്നില്ല എന്നായിരുന്നു. എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ രേഖകളിൽ നിന്നും ഹർജിക്കാരന് മറുപടി നൽകിയിരുന്നതായി കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)